
# എളുപ്പമുള്ള ഹജ്ജ്




അബ്ദുസ്സലാം മോങ്ങം



ഇന്ത്യൻ ഇസ്‌ലാഹി സെന്റർ (യു.എ.ഇ)

بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ

നിങ്ങൾ ഉംറക്കും ഹജ്ജിനും വേണ്ടി തയ്യാറാവുകയാണല്ലോ, അല്ലാഹു സുബ്ഹാനഹു വ തആല നിങ്ങളുടെ യാത്ര എളുപ്പവും കർമ്മം സ്വീകാര്യയോഗ്യവുമാക്കട്ടെ.

## വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ

بِسْمِ اللهِ تَوَكَّلْتُ عَلَى اللهِ لَاحَوْلَ وَلَاقُوَّةَ الَّا بِاللهِ

*ബിസ്മില്ലാഹി തവക്കൽതു അലല്ലാഹി ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാഹ്.*

(സാരം: അല്ലാഹുവിന്റെ നാമത്തിൽ ഞാൻ പുറപ്പെടുന്നു. അല്ലാഹുവിൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അല്ലാഹുവിനല്ലാതെ കഴിവും ശക്തിയും ഇല്ല.)

## വാഹനത്തിൽ കയറുമ്പോൾ

*ബിസ്മില്ലാഹ്.* بِسْمِ اللهِ

## കയറി ഇരുന്നാൽ

الْحَمْدُ للهِ، اللهُ اَكْبَر، اللهُ اَكْبَر، اللهُ اَكْبَر، سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَاكُنَّالَهُ مُقْرِنِينَ، وَاِنَّا إِلَى رَبِّنَا لَمُنْقَلِبُونَ، اللَّهُمَّ إِنِّي أَسْأَلُكَ فِي سَفَرِي هَذَا الْبِرَّ وَالتَّقْوَى وَمِنَ الْعَمَلِ مَا تَرْضَى، اللَّهُمَّ هَوِّنْ عَلَيْنَا سَفَرَنَا وَاطْوِعَنَّا بُعْدَهُ، اللَّهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ وَالْخَلِيفَةُ فِي الأَهْلِ، اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ وَعْثَاءِ السَّفَرِ وَكَآبَةِ الْمَنْظَرِ وَسُوءِ الْمُنْقَلَبِ فِي الْمَالِ وَالأَهْلِ.

അൽഹംദുലില്ലാഹ്, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, സുബ്ഹാനല്ലദീ സഖ്ഖറ ലനാ ഹാദാ വമാ കുന്നാ ലഹു മുഖ്രിനീൻ, വ ഇന്നാ ഇലാ റബ്ബിനാ ല മുൻഖലിബൂൻ. അല്ലാഹുമ്മ ഇന്നീ അസ്അലുക ഫീ സഫരീ ഹാദാ

*അൽ ബിർറ വ തഖ്‌വാ വ മിനൽ അമലി മാതർദ്വാ. അല്ലാഹുമ്മ ഹവ്വിൻ അലൈനാ സഫറനാ വത്വ്‌വി അന്നാ ബുഅ്ദഹ്, അല്ലാഹുമ്മ അൻതസ്സ്വാഹിബു ഫിസ്സഫർ വൽ ഖലീഫതു ഫിൽ അഹ്‌ലി. അല്ലാഹുമ്മ ഇന്നീ അഊദു ബിക മിൻ വഅ്സാ ഇസ്സഫരി വകആബതിൽ മൻളരി വ സൂഇൽ മുൻഖലബി ഫിൽ മാലി വൽ അഹ്‌ലി.*

(സാരം: അല്ലാഹുവിന് സർവ്വ സ്തുതിയും. അല്ലാഹു ഏററവും മഹാൻ. ഈ വാഹനം ഞങ്ങൾക്ക് സൗകര്യപ്പെടുത്തിത്തന്ന അല്ലാഹു പരിശുദ്ധനാണ്. ഞങ്ങൾ അതിന് കഴിവുള്ളവരായിരുന്നില്ല. ഞങ്ങൾ റബ്ബിലേക്ക് മടങ്ങേണ്ടവർ തന്നെ. അല്ലാഹുവേ, എൻെറ ഈ യാത്രയിൽ പുണ്യവും ഭക്തിയും നിനക്ക് തൃപ്തികരമായ കർമ്മവും ഞാൻ നിന്നോട് ചോദിക്കുന്നു.

അല്ലാഹുവേ, ഞങ്ങളുടെ യാത്ര എളുപ്പമാക്കേണമേ. അകലം കുറച്ചു തരേണമേ.

അല്ലാഹുവേ, നീയാണ് യാത്രയിലെ കൂട്ടുകാരൻ. കുടുംബത്തിലെ പ്രതിനിധിയും നീ തന്നെ. അല്ലാഹുവേ, യാത്രാക്ലേശം, ദുരന്തകാഴ്ച, കുടുംബത്തിലും ധനത്തിലുമുള്ള ദുരനുഭവം ഇവയിൽ നിന്നെല്ലാം ഞാൻ രക്ഷതേടുന്നു.

വാഹനമേതായാലും ഇതു തന്നെയാണ് ചൊല്ലേണ്ടത്.

## ഇഹ്റാം

മീഖാതിലെത്തിയാൽ സൗകര്യമനുസരിച്ച് ഇഹ്റാമിന് വേണ്ടി കുളിക്കുക. ശരീരം വൃത്തിയാക്കുക. അത്തർ പൂശുക. ഇഹ്റാമിന്റെ വസ്ത്രം ധരിക്കുക.

ഇനി നമുക്ക് ഇഹ്റാമിൽ പ്രവേശിക്കാം. സാദ്ധ്യമാണെങ്കിൽ ഒരു നമസ്കാരാനന്തരം ഇഹ്റാം ചെയ്യുന്നതാണ് ഉത്തമം. നമസ്കാരത്തിനു ശേഷം ഉംറക്ക് വേണ്ടി ഇഹ്റാമിൽ പ്രവേശിക്കുന്നു എന്ന് കരുതുക. ശേഷം ഇപ്രകാരം പറയുക.

اَللّٰهُمَّ لَبَّيْكَ عُمْرَةً

*അല്ലാഹുമ്മ ലബ്ബൈക്ക ഉംറതൻ*

(സാരം: അല്ലാഹുവേ, നിന്റെ വിളിക്ക്, ഉംറക്ക് ഞാനിതാ ഉത്തരം ചെയ്യുന്നു.

പിന്നീട് ഹറമിലെത്തുന്നത് വരെ തൽബിയത് ചൊല്ലിക്കൊണ്ടിരിക്കുക.

لَبَّيْكَ اللّٰهُمَّ لَبَّيْكَ، لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ ، إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ، لاَشَرِيكَ لَكَ

*ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്, ലബ്ബൈക്ക ലാ ശരീക ലക ലബ്ബൈക്ക്, ഇന്നൽ ഹംദ വന്നിഅ്മത ലക വൽ മുൽക്, ലാ ശരീക ലക്.*

(സാരം: അല്ലാഹുവേ, നിന്റെ വിളിക്ക്, ഞാനിതാ ഉത്തരം ചെയ്യുന്നു. നിനക്കു പങ്കുകാരില്ല. തീർച്ചയായും സർവ്വ സ്തുതിയും അനുഗ്രഹവും നിനക്കാണ്. രാജാധികാരവും നിനക്ക് തന്നെ. നിനക്ക് പങ്കാളിയില്ലതന്നെ.)

മക്കയിലെത്തിയാൽ മസ്ജിദുൽ ഹറാമിലേക്ക് പ്രവേശിക്കുമ്പോൾ

بِسْمِ اللهِ وَالصَّلَاةُ والسَّلَامُ عَلَى رَسُولِ اللهِ، أَعُوذُ بِاللهِ الْعَظِيمِ وَبِوَجْهِهِ الْكَرِيمِ وَسُلْطَانِهِ الْقَدِيمِ مِنَ الشَّيْطَانِ الرَّجِيمِ، اللَّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ

*ബിസ്മില്ലാഹി, വസ്സ്വലാതു വസ്സലാമു അലാ റസൂലില്ലാഹി അഊദുബില്ലാഹിൽ അളീം, വ ബിവജ്ഹിഹിൽ കരീം. വ സുൽത്വാനിഹിൽ ഖദീം. മിനശ്ശൈത്വാനിർറജീം. അല്ലാഹുമ്മ ഇഫ്തഹ് ലീ അബ്‌വാബ റഹ്മതിക.*

(സാരം: അല്ലാഹുവിന്റെ നാമത്തിൽ. അല്ലാഹുവിന്റെ തിരുദൂതരിൽ അവന്റെ കൃപാകടാക്ഷവും ശാന്തിയുമുണ്ടാകട്ടെ. ശപിക്കപ്പെട്ട പിശാചിൽ നിന്ന്, മഹാനായ അല്ലാഹുവിനെക്കൊണ്ട്, അവന്റെ ബഹുമാന്യമായ മുഖം കൊണ്ട്, അവന്റെ അനാദിയായ അധികാര പ്രഭാവംകൊണ്ട് ഞാൻ രക്ഷ തേടുന്നു. അല്ലാഹുവേ, നിന്റെ കാരുണ്യത്തിന്റെ വാതിലുകൾ എനിക്ക് വേണ്ടി നീ തുറക്കേണമേ.)

# ത്വവാഫ്

ത്വവാഫ് തുടങ്ങുന്നതിന് മുമ്പ് തട്ടം വലത് കക്ഷത്തിലൂടെയും ഇടത് ചുമലിലൂടെയും ഇടുക. ഹജറുൽ അസ്‌വദിനെ ചുംബിക്കുകയോ തൊട്ടുമുത്തുകയോ ചെയ്യുക.

അപ്പോൾ بِسْمِ اللهِ اللهُ أَكْبَرُ

*ബിസ്മില്ലാഹി, അല്ലാഹു അക്ബർ*

(സാരം: അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവാണ് ഏററവും വലിയവൻ)
എന്നു പറയുക.

ഹജറുൽഅസ്‌വദിനെ ചുംബിക്കാനോ തൊട്ടുമുത്താനോ സാധിക്കാത്തവർ ഹജറുൽ അസ്‌വദിന് നേരെ നിന്ന് വലതു കൈ ഉയർത്തി അല്ലാഹു അക്ബർ എന്നു പറഞ്ഞ് കഅ്ബയെ ഇടതു ഭാഗത്താക്കി ത്വവാഫ് ആരംഭിക്കുക. തുടക്കത്തിൽ ഇപ്രകാരം പ്രാർത്ഥിക്കുക.

اللَّهُمَّ إِيمَانًا بِكَ وَتَصْدِيقًا بِكِتَابِكَ وَوَفَاءً بِعَهْدِكَ
وَاتِّبَاعًا لِسُنَّةِ نَبِيِّكَ مُحَمَّدٍ صَلَّى اللهُ عَلَيْهِ وَسَلَّمَ

*അല്ലാഹുമ്മ ഈമാനൻ ബിക വ തസ്വ്ദീഖൻ ബികിതാബിക വ വഫാഅൻ ബി അഹ്ദിക വ ഇത്തിബാഅൻ ലി സുന്നത്തി നബിയ്യിക മുഹമ്മദിൻ സ്വല്ലല്ലാഹു അലൈഹി വ സല്ലം*

(സാരം: അല്ലാഹുവേ, നിന്നിൽ വിശ്വസിച്ച് കൊണ്ട്, നിന്റെ ഗ്രന്ഥത്തെ സത്യമാക്കിക്കൊണ്ട്, നീയുമായുള്ള കരാർ പാലിച്ചുകൊണ്ട്, നിന്റെ പ്രവാചകൻ മുഹമ്മദ്(സ)യെ പിന്തുടർന്നു കൊണ്ട് ഞാനിത് ആരംഭിക്കുന്നു.)

റുക്നുൽ യമാനിക്ക് (ഹജ്റുൽ അസ്വദിന്റെ മൂലയിൽ നിന്ന് നാലാമത്തെ മൂല) നേരെ എത്തുമ്പോൾ വലതു കൈ കൊണ്ട് അത് തൊടുകയും "ബിസ്മില്ലഹി അല്ലാഹു അക്ബർ" എന്ന് പറയുകയും ചെയ്യുക. തൊടാൻ സാധ്യമല്ലെങ്കിൽ ഒന്നും ചെയ്യാതെ ത്വവാഫ് തുടരുക.

റുക്നുൽ യമാനിക്കും ഹജ്റുൽ അസ്വദിനുമിടയിൽ ഇപ്രകാരം പ്രാർത്ഥിക്കുക.

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ

*റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനതൻ വഫിൽ ആഖിറതി ഹസനതൻ വഖിനാ അദാബന്നാർ*

(സാരം: ഞങ്ങളുടെ നാഥാ, ഇഹലോകത്തും പരലോകത്തും നീ ഞങ്ങൾക്ക് നല്ലത് തരേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ നീ രക്ഷിക്കുകയും ചെയ്യേണമേ.)

ഹജ്‌റുൽഅസ്‌വദിനു നേരെ എത്തിയാൽ ചുംബിക്കുകയോ തൊട്ടുമുത്തുകയോ ആംഗ്യം കാണിക്കുകയോ ചെയ്യുക. അപ്പോൾ തക്ബീർ ചൊല്ലണം. ഇപ്പോൾ ഒരു റൗണ്ടായി. ഇങ്ങനെയുള്ള എഴ് റൗണ്ട് പൂർത്തിയായാൽ ത്വവാഫ് പൂർത്തിയായി. ത്വവാഫിൽ നാം പഠിച്ച ദുആകളും ദിക്റുകളും നമുക്കാവശ്യമുള്ള മററ് പ്രാർത്ഥനകളും നടത്താം. ആദ്യത്തെ മൂന്നു ചുററലിൽ (ത്വവാഫുൽ ഖുദൂമിനു മാത്രം) പുരുഷൻമാർ അൽപം വേഗതയിൽ നടക്കണം. ത്വവാഫ് കഴിഞ്ഞാൽ പുരുഷൻമാർ മേൽമുണ്ടിന്റെ രണ്ടററങ്ങൾ രണ്ടു ചുമലിലും കൂടി ഇടണം.

ശേഷം മഖാമു ഇബ്റാഹീമിനു പിന്നിൽ ചെന്ന്

وَاتَّخِذُوا مِنْ مَقَامِ إِبْرَاهِيمَ مُصَلًّى

*"ഒത്തഖിദൂ മിൻ മഖാമി ഇബ്റാഹീമ മുസല്ല."*

എന്ന് ഓതുക. രണ്ട് റകഅത്ത് നമസ്കരിക്കുക. അവിടെ വെച്ച് സൗകര്യമില്ലെങ്കിൽ ഹറമിൽ എവിടെവെച്ചും നമസ്കരിക്കാം. ആദ്യത്തെ റക്അത്തിൽ ഫാതിഹക്ക് ശേഷം സൂറ: കാഫിറൂനും രണ്ടാമത്തേതിൽ സൂറ: ഇഖ്ലാസും ഓതുക. പിന്നീട് സംസം കുടിക്കുക. സാധ്യമെങ്കിൽ ഹജറുൽ അസ്‌വദിനെ ചുംബിക്കുക.

## സഅ്‌യ്

ഇനി സഅ്‌യിന് വേണ്ടി സ്വഫയിലേക്ക് നീങ്ങുക. സ്വഫയിലേക്ക് കയറാൻ സാധ്യ മെങ്കിൽ കയറുക. കയറുമ്പോൾ ഈ ആയത്ത് പാരായണം ചെയ്യുക.

إِنَّ الصَّفَا وَالْمَرْوَةَ مِنْ شَعَـآئِرِ اللهِ فَمَنْ حَجَّ الْبَيْتَ أَوْ
اعْتَمَرَ فَلَا جُنَاحَ عَلَيْهِ أَنْ يَطَّوَّفَ بِهِمَا وَمَنْ تَطَوَّعَ خَيْرًا
فَإِنَّ اللهَ شَاكِرٌ عَلِيمٌ

*ഇന്നസ്സ്വഫാ വൽ മർവത മിൻ ശആഇരില്ലാഹി ഫമൻ ഹജ്ജൽ ബൈത അവിഅ്തമറ ഫലാ ജുനാഹ അലൈഹി അൻ യത്ത്വവ്വഫ ബിഹിമാ വമൻ തത്വവ്വഅ ഖൈറൻ ഫ ഇന്നല്ലാഹ ശാകിറുൻ അലീം.*

(സാരം: "തീർച്ചയായും സ്വഫായും മർവായും മതചിഹ്നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽ പെട്ടതാകുന്നു. കഅ്ബാ മന്ദിരത്തിൽ ചെന്ന് ഹജ്ജോ ഉംറയോ നിർവ്വഹിക്കുന്ന ഏതൊരാളും അവയിലൂടെ പ്രദക്ഷിണം നടത്തുന്നതിൽ കുററമൊന്നുമില്ല. ആരെങ്കിലും സദ്കർമ്മം സ്വയം സന്നദ്ധനായി ചെയ്യുകയാണെങ്കിൽ അല്ലാഹു അതറിഞ്ഞ് അംഗീകരിക്കുന്നതാണ്". (അൽ ബഖറ: 158)

ഖിബ്‌ലക്ക് നേരെ തിരിഞ്ഞ് മൂന്ന് പ്രാവശ്യം ഇങ്ങിനെ ചൊല്ലുക.

لاَإِلَهَ إِلاَّ اللهُ وَاللهُ أَكْبَر، لاَإِلَهَ إِلاَّ اللهُ وَحْدَهُ لاَشَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَــى كُلِّ شَيْءٍ قَدِيرٌ. لاَإِلَــهَ إِلاَّ اللهُ وَحْدَهُ أَنْجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الأَحْزَابَ وَحْدَهُ

*ലാ ഇലാഹ ഇല്ലല്ലാഹു അല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീകലഹു ലഹുൽ മുൽകു വ ലഹുൽ ഹംദു യുഹ്‌യീ വ യുമീതു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ. ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു, അൻജസ വഅ്ദഹു വ നസ്വറ അബ്ദഹു വ ഹസമൽ അഹ്സാബ വഹ്ദഹു.*

(സാരം: അല്ലാഹു അല്ലാതെ ആരാധ്യനില്ല. അവൻ ഏററവും മഹാനാണ്. അല്ലാഹു അല്ലാതെ മററൊരാരാധ്യനുമില്ല. അവൻ ഏകൻ. അവന് ഒരു പങ്കുകാരുമില്ല. രാജാധിപത്യം അവനുള്ളതാണ്. സ്തുതിയും അവനുള്ളതു തന്നെ. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ സർവ്വശക്തനാണ്. അല്ലാഹു അല്ലാതെ മററൊരാരാധ്യനുമില്ല. അവൻ ഏകനാണ്. തന്റെ വാഗ്ദാനം അവൻ നിറവേററി. തന്റെ അടിയനെ സഹായിച്ചു. ശത്രുസേനകളെ അവൻ ഒററക്ക് പരാജയപ്പെടുത്തി.)

പിന്നീട് കൈ ഉയർത്തി ആവശ്യമുള്ളതെല്ലാം പ്രാർത്ഥിക്കുക. ഇത് മൂന്നു പ്രാവശ്യം ആവർത്തിക്കുക. പിന്നീട് അവിടെ നിന്നിറങ്ങി മർവയിലേക്ക് നടക്കുക. പച്ചലൈററ്കൊണ്ട് അടയാളപ്പെടുത്തിയ സ്ഥലത്ത് പുരുഷൻമാർ മാത്രം അൽപം വേഗതയിൽ നടക്കുക. മർവയിലും സ്വഫയിലെ പോലെ ദിക്റുകളും പ്രാർത്ഥനകളും നിർവഹിക്കുക.

ഇപ്പോൾ ഒരു പ്രാവശ്യമായി. ഇങ്ങനെയുള്ള ഏഴെണ്ണമാണ് സഅ്യ്. സഅ്യ് ചെയ്യുമ്പോൾ ദിക്റുകളും ദുആകളും അധികരിപ്പിക്കുക. ഇതു കഴിഞ്ഞാൽ മുടിവെട്ടുകയോ വടിക്കുകയോ ചെയ്യുക. സ്ത്രീകൾ ഒരു വിരൽ തുമ്പിന്റെ അത്ര നീളത്തിൽ മുടി മുറിച്ചാൽ മതി. ഇതോടുകൂടി തഹല്ലുൽ ആയി. അഥവാ സാധാരണ വസ്ത്രവും ജീവിതവും ആവാം. ദുൽഹജ്ജ് 8 വരെ നമസ്കാരത്തിലും ത്വവാഫിലുമായി കഴിയുക.

## ദുൽഹജ്ജ് 8

താമസ സ്ഥലത്തുവെച്ചു തന്നെ കുളിച്ച് ശുദ്ധിയായി ഇഹ്റാമിൽ പ്രവേശിക്കുക. ഇപ്രകാരം പറയുക.

اللّٰهُمَّ لَبَّيْكَ حَجًّا

***അല്ലാഹുമ്മ ലബ്ബൈക ഹജ്ജൻ***

(സാരം: അല്ലാഹുവേ, ഹജ്ജിനു വേണ്ടിയുള്ള നിന്റെ വിളിക്ക് ഞാനിതാ ഉത്തരം നൽകുന്നു.)

തൽബിയത്ത് ചൊല്ലിക്കൊണ്ടിരിക്കുക. (10ന് കല്ലെറിയുന്നത് വരെ ഇത് തുടരുക.) മിന യിലേക്ക് നീങ്ങുക. അവിടെ താമസിക്കു മ്പോൾ നമസ്കാരങ്ങൾ അതാതിന്റെ സമയ ങ്ങളിൽ ഖസ്റാക്കി നമസ്കരിക്കുക. ബാക്കി സമയം പ്രാർത്ഥനകളിലും ദിക്റുകളിലും ഖുർആൻ പഠന പാരായണങ്ങളിലും മുഴുകുക.

## ദുൽഹജ്ജ് 9

രാവിലെ അറഫയിലേക്ക് പോവുക. ദുഹ്റിന്റെ സമയത്ത് ദുഹ്റും അസറും ജംഉം ഖ്വസ്റുമാക്കി നമസ്കരിക്കുക. ഖിബ്ല്ക്ക് നേരെ തിരിഞ്ഞ് നിന്നും ഇരുന്നും പ്രാർത്ഥനകളിലും ദിക്റുകളിലും മുഴുകുക. തൽബിയത്ത് ചൊല്ലുക. ഖുർആൻ പാരായണം ചെയ്യുക. തുടങ്ങിയ കർമ്മങ്ങൾ ചെയ്യാവുന്നതാണ്. സൂര്യൻ അസ്തമിച്ച ശേഷം നമസ്കരിക്കാതെ മുസ്ദലിഫയിലേക്ക് നീങ്ങുക. അവിടെ എത്തിയാൽ മഗ്രിബും ഇശായും ജംഉം ഖ്വസ്റുമാക്കി നമസ്കരിക്കുക. രാത്രി അവിടെ താമസിക്കുക.

## ദുൽഹജ്ജ് 10

സുബ്ഹ് നമസ്കരിക്കുക. പ്രാർത്ഥനകളിലും ദിക്റുകളിലും മുഴുകുക. വെളിച്ചം വെച്ച ശേഷം മിനായിലേക്ക് പുറപ്പെടുക. മിനായിലെത്തിയാൽ തൽബിയത് നിർത്തുക.

ജംറത്തുൽ അഖബയിൽ കല്ലെറിയുക. ചെറിയ കല്ലുകളെക്കൊണ്ട് ഏഴു തവണയാണ് എറിയേണ്ടത്. എറിയുമ്പോൾ കൈ ഉയർത്തുകയും തക്ബീർ ചൊല്ലുകയും വേണം.

ശേഷം ബലി അറുത്ത് സ്വയം തിന്നുകയും പാവങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്യുക. (അറുക്കുന്ന വിശ്വസ്ഥരായ പ്രതിനിധികളെയോ സംഘങ്ങളെയോ ഏൽപിക്കാം. പക്ഷെ ദുൽഹജ്ജ് 10ന് മുമ്പ് അറവ് നടത്താൻ പാടില്ല.) ബലി നടത്തുമ്പോൾ ഇങ്ങനെ ചൊല്ലുക.

بِسْمِ اللهِ اللهُ أَكْبَر، اللَّهُمَّ هَذَا مِنْكَ وَلَكَ، اللَّهُمَّ تَقَبَّلْ مِنِّي

*ബിസ്മില്ലാഹി അല്ലാഹു അക്ബർ, അല്ലാഹുമ്മ ഹാദാ മിൻക വ ലക. അല്ലാഹുമ്മ തഖബ്ബൽ മിന്നീ*

(സാരം: അല്ലാഹുവിന്റെ നാമത്തിൽ. അല്ലാഹു ഏററവും മഹാനാണ്. അല്ലാഹുവേ, ഇത് നിന്നിൽ നിന്നുള്ളതാണ്. നിനക്കുവേണ്ടി ചെയ്യുന്നതുമാണ്. അല്ലാഹുവേ, എന്നിൽ നിന്ന് നീ സ്വീകരിക്കേണമേ.)

പിന്നീട് മുടി കളയുകയോ വെട്ടുകയോ ചെയ്യുക. കളയുന്നതാണ് ഉത്തമം. ഇതോടെ ഇഹ്റാമിൽ നിന്ന് വിരമിക്കുന്നതിന്റെ ആദ്യ ഘട്ടമായി. സ്ത്രീ സംസർഗ്ഗമല്ലാത്ത എല്ലാം

അനുവദനീയമായി. മക്കത്ത് പോയി ഹജ്ജിന്റെ ത്വവാഫും സഅ്യും ചെയ്യുക. ഇപ്പോൾ പൂർണ്ണമായി ഇഹ്റാമിൽ നിന്ന് വിരമിച്ചു .ഈ പ്രവർത്തികളുടെ ക്രമം തെററുന്നതിന് വിരോധമില്ല.

## ദുൽഹജ്ജ് 11,12,13

രാത്രി മിനയിൽ താമസിക്കുക. ദുഹ്റിനു ശേഷം മൂന്ന് ജംറകളിലും 7 വീതം കല്ലുകളെറിയുക. ആദ്യത്തെ രണ്ടു ജംറകളിൽ (ഊലാ, വുസ്ത്വാ) കല്ലുകളെറിഞ്ഞ ശേഷം അൽപം മാറിനിന്ന് ഖിബ്ലക്കഭിമുഖമായി തിരിഞ്ഞ് പ്രാർത്ഥിക്കുക. 12ന് മതിയാക്കി പോകേണ്ടവർ അന്ന് മഗ്രിബിനു മുമ്പ് മിനാ വിടണം. അന്ന് രാത്രി കൂടി മിനായിൽ താമസിച്ച് 13ന് എറിഞ്ഞതിന് ശേഷം പോകുന്നതാണ് ശ്രേഷ്ഠം. നാട്ടിലേക്ക് പുറപ്പെടുമ്പോൾ വിദാഇന്റെ (വിടവാങ്ങൽ) ത്വവാഫ് നിർവഹിക്കുക. യാത്ര കഴിഞ്ഞ് മടങ്ങുമ്പോൾ

اللّٰهُ اَكْبَر اللّٰهُ اَكْبَر اللّٰهُ اَكْبَر، لاَإِلٰهَ إِلاَّ اللّٰهُ وَحْدَهُ
لاَشَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلٰى كُلِّ

شَيْءٍ قَدِيرٌ. آئِبُونَ تَائِبُونَ عَابِدُونَ لِرَبِّنَا حَامِدُونَ.

***അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു ലഹുൽ മുൽകു വ ലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ, ആഇബൂന താഇബൂന ആബിദൂന ലി റബ്ബിനാ ഹാമിദൂൻ.***

(സാരം: അല്ലാഹു ഏററവും മഹാൻ (3). അല്ലാഹു അല്ലാതെ ആരാധ്യനില്ല. അവൻ ഏകനാണ്. അവന് ഒരു പങ്കുകാരുമില്ല. അവനാണ് രാജാധികാരം. അവനാണ് സർവ്വ സ്തുതിയും. അവൻ എല്ലാററിനും കഴിവുള്ളവനാണ്. ഞങ്ങൾ മടങ്ങുന്നു. പശ്ചാത്തപിക്കുന്നു. ഞങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു.)

## മദീന സന്ദർശനം

മസ്ജിദുന്നബവിയിൽ നമസ്കരിക്കാൻ വേണ്ടി മദീന സന്ദർശിക്കുന്നത് സുന്നത്താണ്.

മദീനയിലെത്തിയാൽ മസ്ജിദുന്നബവിയിൽ നമസ്കരിക്കുക. ഹറമിൽ പ്രവേശിക്കുമ്പോൾ ചൊല്ലുന്ന ദിക്ർ ഇവിടെയും ചൊല്ലുക. റൗദയിൽ (നബിയുടെ വീടിന്റെയും മിമ്പറിന്റെയും ഇടയിലുള്ള സ്ഥലം) നമസ്കരിക്കുക. പ്രാർത്ഥിക്കുക. പിന്നീട് നബി(സ)യുടെ ഖബ്ർ സന്ദർശിക്കുക. അപ്പോൾ ഇപ്രകാരം പറയുക.

السَّلَامُ عَلَيْكَ يَا رَسُولَ اللهِ، وَرَحْمَةُ اللهِ وَبَرَكَاتُهُ

*അസ്സലാമു അലൈക യാ റസൂലുല്ലാഹ് വ റഹ്മതുല്ലാഹി വ ബറകാതുഹു.*

(സാരം: അല്ലാഹുവിന്റെ ദൂതരേ, അങ്ങയുടെ മേൽ അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും അനുഗ്രഹങ്ങളുമുണ്ടാവട്ടെ.)

പിന്നീട് മുന്നോട്ട് നീങ്ങി അബൂബക്കർ(റ)ന്റെ ഖബറിനടുത്ത് നിന്ന്.

السَّلَامُ عَلَيْكَ يَا اَبَابَكْرٍ

*അസ്സലാമു അലൈക യാ അബാബക്കർ*

വീണ്ടും അൽപം മുന്നോട്ട് നീങ്ങി ഉമർ(റ)ന്റെ ഖബറിനടുത്ത് നിന്ന്

السَّلَامُ عَلَيْكَ يَا عُمَرُ

*അസ്സലാമു അലൈക യാ ഉമർ എന്നും ചൊല്ലുക.*

ഖുബാ പള്ളി സന്ദർശിക്കുന്നതും അവിടെ വെച്ച് രണ്ട് റകഅത്ത് നമസ്കരിക്കുന്നതും സുന്നത്താണ്. ബഖീഇലുള്ള ഖബ്റുകളും ശുഹദാക്കളുടെ ഖബ്റുകളും ഹംസ(റ)യുടെ ഖബ്റും സന്ദർശിക്കുന്നത് സുന്നത്താണ്. അപ്പോൾ ഇപ്രകാരം ചൊല്ലുക.

السَّلَامُ عَلَيْكُمْ أَهْلَ الدِّيَارِ مِنَ الْمُؤْمِنِينَ وَالْمُسْلِمِينَ وَإِنَّا

إِنْ شَاءَ اللهُ بِكُمْ لَاحِقُونَ، نَسْأَلُ اللهَ لَنَا وَلَكُمُ الْعَافِيَةَ.

*അസ്സലാമു അലൈകും അഹ്ലദ്ദിയാരി മിനൽ മുഅ്മിനീന വൽ മുസ്ലിമീൻ, വ ഇന്നാ ഇൻശാഅല്ലാഹു ബികും ലാഹിഖൂൻ. നസ് അലുല്ലാഹ ലനാ വ ലകുമുൽ ആഫിയ.*

(സാരം: സത്യവിശ്വാസികളും മുസ്ലിംകളുമായ ഖബ്ർ വാസികളേ, നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടായിരിക്കട്ടെ. ഞങ്ങളും അല്ലാഹുവിന്റെ ഉദ്ദേശപ്രകാരം നിങ്ങളോടൊത്ത് ചേരും. ഞങ്ങൾക്കും നിങ്ങൾക്കും അല്ലാഹു സൗഖ്യം നൽകട്ടെ.)

## വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ

بِسْمِ اللهِ وَلَجْنَا، بِسْمِ اللهِ خَرَجْنَا وَعَلَى رَبِّنَا تَوَكَّلْنَا

*ബിസ്മില്ലാഹി വലജ്നാ, ബിസ്മില്ലാഹി ഖറജ്നാ വ അലാ റബ്ബിനാ തവക്കൽനാ.*

(സാരം: അല്ലാഹുവിന്റെ നാമത്തിൽ ഞങ്ങൾ പ്രവേശിക്കുന്നു. അല്ലാഹുവിന്റെ നാമത്തിൽ പുറപ്പെടുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവിൽ ഞങ്ങൾ ഭരമേൽപിക്കുന്നു.)

## ഇഹ്റാമിൽ പ്രവേശിച്ചാൽ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ

അനാവശ്യ സംസാരങ്ങളും തർക്കങ്ങളും പ്രവർത്തനങ്ങളും.

മുടി, രോമം, നഖം എന്നിവ നീക്കം ചെയ്യൽ.
(ചീകുമ്പോൾ വീണുപോകുന്നതിനു വിരോധമില്ല.)

ശരീരത്തിലോ വസ്ത്രത്തിലോ സുഗന്ധം പൂശൽ.
(കുളിക്കുന്നതിനോ വസ്ത്രം മാററുന്നതിനോ വിരോധമില്ല. അതിയായ സുഗന്ധം വമിക്കുന്ന സോപ്പ്, ഷാംപൂ എന്നിവ ഉപയോഗിക്കരുത്.)

വിവാഹാന്വേഷണം വിവാഹ ബന്ധം നടത്തൽ.

സ്ത്രീ പുരുഷ ബന്ധം, വികാരത്തോടെയുള്ള ചുംബനം.

തുന്നിച്ചേർത്ത വസ്ത്രം ധരിക്കൽ.
(പുരുഷൻമാർക്ക് മാത്രം.)

ഒട്ടിച്ചേർന്ന് നിൽക്കുന്ന വസ്തു കൊണ്ട് തല മറക്കൽ.
(പുരുഷൻമാർക്ക് മാത്രം.)

കുട, ടെന്റ്, വാഹനങ്ങളുടെ മേൽഭാഗം എന്നിവ ആവാം.

വിതരണം :

# INDIAN ISLAHI CENTRE (U.A.E.)

**Head Office : P.O. Box : 7245, Dubai, U.A.E.**
**Tel. : 04-3394464/3930553, Fax : 04-3394465**
**E-mail : manarqar@emirates.net.ae**
islahi@emirates.net.ae

**ABU DHABI**
P.O. Box : 26172
Tel. : 02-6317223
Fax : 02-6317338

**MUSAFFA**
Tel. : 02-5521156

**BADA ZAYED**
P.O. Box : 50038
Tel. : 02-8846711
Fax : 02-6317338

**AL AIN**
P.O. Box : 1490
Tel. : 03-7642733

**BUR DUBAI**
P.O. Box : 7245
Tel. : 04-3939361
Fax : 04-3939362

**ZABEEL**
P.O. Box : 6639
Tel. : 04-3351680

**DEIRA DUBAI**
P.O. Box : 34080
Tel. : 04-2237228
: 04-2237851
Fax : 04-2247881

**AL QUSAIS**
P.O. Box :19595
Tel. : 04-2617526

**AJMAN**
P.O. Box : 2071
Tel. : 06-7428463
Fax : 06-7444134

**UMM AL QAIWAIN**
P.O. Box : 722
Tel. : 06-7652516


**SHARJAH**
P.O. Box : 26
Tel. : 06-5625525
: 06-5635120
Fax : 06-5625525

**FUJAIRA**
P.O. Box :762
Tel. : 09-2227922
Fax : 09-2242876

**KHORFUKKAN**
P.O. Box : 10431
Tel. : 09-2382631

**RAS AL KHAIMAH**
P.O. Box : 459
Tel. : 07-2229644
Fax : 07-2229644

## 7 പ്രാവശ്യം ത്വവാഫ് ചെയ്യുക




ത്വവാഫ് കഴിഞ്ഞാൽ 'മഖാമു ഇബ്റാഹീമിന്റെ'
പിന്നിൽ നിന്ന് 2 റക്അത്ത് നമസ്കരിക്കുക

## 7 പ്രാവശ്യം സഅ്‌യ് ചെയ്യുക




'സ്വഫാ' യിൽ നിന്നും മർവയിലെത്തിയാൽ
ഒരു 'സഅ്‌യായി' കണക്കാക്കുക.